കേന്ദ്രഗവൺമെൻറ്

നിയമ മന്ത്രാലയം

# ബാങ്കർമാരുടെ ബുക്കുകൾ തെളിവ് ആക്റ്റ്, 1891

(1891-ലെ 18-ാം ആക്റ്റ്)

(1974-ജൂൺ 1-ാം തീയതി നിലവിലുള്ള പ്രകാരം)

കേരള ഔദ്യോഗിക ഭാഷാ (നിയമനിർമ്മാണ) കമ്മീഷൻ
തർജ്ജമ ചെയ്തത്

യൂണിയൻ ഔദ്യോഗിക ഭാഷാ (നിയമനിർമ്മാണ) കമ്മീഷൻ
അംഗീകരിച്ചത്

യൂണിയൻ ഗവൺമെൻറിനുവേണ്ടി കേരള ഗവൺമെൻറ്
പ്രസ്സ് സൂപ്രണ്ട് ആ പ്രസ്സിൽ അച്ചടിപ്പിച്ച്
പ്രസിദ്ധീകരിക്കുന്നത്

1974

കേന്ദ്രഗവൺമെൻറ്
നിയമ മന്ത്രാലയം

# ബാങ്കർമാരുടെ ബുക്കുകൾ തെളിവ് ആക്റ്റ്, 1891

## (1891-ലെ 18-ാം ആക്റ്റ്)

(1974-ജൂൺ 1-ാം തീയതി നിലവിലുള്ള പ്രകാരം)

കേരള ഔദ്യോഗിക ഭാഷാ (നിയമനിർമ്മാണ) കമ്മീഷൻ
തർജ്ജമ ചെയ്തത്

യൂണിയൻ ഔദ്യോഗിക ഭാഷാ (നിയമനിർമ്മാണ) കമ്മീഷൻ
അംഗീകരിച്ചത്

യൂണിയൻ ഗവൺമെൻറിനുവേണ്ടി കേരള ഗവൺമെൻറ്
പ്രസ്സ് സൂപ്രണ്ട് ആ പ്രസ്സിൽ അച്ചടിപ്പിച്ച്
പ്രസിദ്ധീകരിക്കുന്നത്

1974

© കേന്ദ്രഗവൺമെൻറ്
നിയമ മന്ത്രാലയം

# ബാങ്കർമാരുടെ ബുക്കുകൾ തെളിവ് ആക്റ്റ് 1891

## (1891-ലെ 18-ാം ആക്റ്റ്)

### ബാങ്കർമാരുടെ ബുക്കുകൾ സംബന്ധിച്ചുള്ള തെളിവു നിയമം ഭേദഗതി ചെയ്യുവാനുള്ള ആക്റ്റ്

[1891, ഒക്ടോബർ 1]

ബാങ്കർമാരുടെ ബുക്കുകൾ സംബന്ധിച്ചുള്ള തെളിവുനിയമം ഭേദഗതി ചെയ്യുന്നത് സമീചീനമായിരിക്കയാൽ:

ഇതിനാൽ താഴെ പറയുംപ്രകാരം അധിനിയമം ചെയ്തിരിക്കുന്നു:—

1. പേരും വ്യാപ്തിയും.—(1) ഈ ആക്റ്റിന് ബാങ്കർമാരുടെ ബുക്കുകൾ തെളിവ് ആക്റ്റ്, 1891 എന്ന് പേർ പറയാവുന്നതാണ്.

(2) ഇത് ജമ്മു-കാശ്മീർ സ്റ്റേറ്റൊഴികെയുള്ള ഇൻഡ്യ മുഴുവൻ വ്യാപിക്കുന്നതാകുന്നു.

. . . . . . . . . . . . . . . . . . . . . . . . . . . . . . . . .

2. നിർവ്വചനങ്ങൾ.—വിഷയത്തിലോ സന്ദർഭത്തിലോ വിരുദ്ധമായി എന്തെങ്കിലും ഇല്ലാത്തപക്ഷം, ഈ ആക്റ്റിൽ,—

(1) "കമ്പനി" എന്നാൽ, കമ്പനി ആക്റ്റ്, 1956 (1956-ലെ 1)-ലെ 3-ാം വകുപ്പിൽ നിർവ്വചിച്ചപ്രകാരമുള്ള ഏതെങ്കിലും കമ്പനി എന്നർത്ഥമാകുന്നതും, അതിൽ ആ ആക്റ്റിലെ 591-ാംവകുപ്പിന്റെ അർത്ഥത്തിലുള്ള ഒരു വിദേശകമ്പനി ഉൾപ്പെടുന്നതും ആകുന്നു.

(ക) "ഏകാംഗയോഗം" എന്നാൽ തൽസമയം ഇൻഡ്യയിൽ പ്രാബല്യത്തിലുള്ള ഏതെങ്കിലും നിയമത്താൽ സ്ഥാപിക്കപ്പെട്ട ഏതെങ്കിലും ഏകാംഗീകൃതനികായം എന്നർത്ഥമാകുന്നതും, അതിൽ റിസർവ്വ് ബാങ്ക് ആഫ് ഇൻഡ്യാ, സ്റ്റേറ്റ് ബാങ്ക് ആഫ് ഇൻഡ്യാ, സ്റ്റേറ്റ് ബാങ്ക് ആഫ് ഇൻഡ്യാ (സബ്സിഡിയറി) ബാങ്കുകൾ ആക്റ്റ്, 1959-ൽ (1959-ലെ 38) നിർവ്വചിച്ച പ്രകാരമുള്ള ഏതെങ്കിലും സബ്സിഡിയറി ബാങ്ക് എന്നിവ ഉൾപ്പെടുന്നതും ആകുന്നു.

(2) "ബാങ്ക്" എന്നതിനും "ബാങ്കർ" എന്നതിനും—

(ക) ബാങ്കിംഗ് ബിസിനസ്സ് നടത്തിക്കൊണ്ടുപോകുന്ന ഏതെങ്കിലും കമ്പനിയോ ഏകാംഗയോഗമോ;

(ഖ) ഏതു പങ്കാളിത്തത്തിന്റെയോ വ്യക്തിയുടേയോ ബുക്കുകൾക്കാണ് ഈ ആക്റ്റിലെ വ്യവസ്ഥകൾ ഇതിൽ ഇതിനുശേഷം വ്യവസ്ഥ ചെയ്തിട്ടുള്ളപ്രകാരം വ്യാപകമാക്കിയിട്ടുള്ളത്, അങ്ങനെയുള്ള ഏതെങ്കിലും പങ്കാളിത്തമോ വ്യക്തിയോ;

(ഗ) ഏതെങ്കിലും പോസ്റ്റ് ആഫീസ് സേവിംഗ്സ്ബാങ്കോ മണി ആർഡർ ആഫീസോ,

എന്ന് അർത്ഥമാകുന്നു;

(3) "ബാങ്കർമാരുടെ ബുക്കുകൾ" എന്നതിൽ പേരേടുകളും, നാൾവഴികളും, ക്യാഷ്ബുക്കുകളും, അക്കൗണ്ട് ബുക്കുകളും ഒരു ബാങ്കിന്റെ സാധാരണ ബിസിനിസ്സിൽ ഉപയോഗിക്കുന്ന മറ്റെല്ലാ ബുക്കുകളും ഉൾപ്പെടുന്നു;

(4) "നിയമനടപടി" എന്നാൽ ഏത് നടപടിയിലോ അന്വേഷണ വിചാരണയിലോ ആണോ, തെളിവ് നല്കപ്പെടുന്നതോ നല്കപ്പെടാവുന്നതോ ആയിട്ടുള്ളത്, അങ്ങനെയുള്ള ഏതെങ്കിലും നടപടിയോ അന്വേഷണ വിചാരണയോ എന്നർത്ഥമാകുന്നതും, അതിൽ മാദ്ധ്യസ്ഥ്യം ഉൾപ്പെടുന്നതും ആകുന്നു;

(5) "കോടതി" എന്നാൽ ആരുടെ മുമ്പാകെയാണോ നിയമനടപടി നടത്തുകയോ എടുക്കുകയോ ചെയ്യുന്നത്, ആ ആളോ അല്ലെങ്കിൽ ആളുകളോ എന്നർത്ഥമാകുന്നു;

(6) "ജഡ്ജി" എന്നാൽ ഹൈക്കോടതിയിലെ ജഡ്ജി എന്നർത്ഥമാകുന്നു;

(7) "വിചാരണ" എന്നാൽ കോടതി മുമ്പാകെയുള്ള ഏത് ഹിയറിംഗിലാണോ തെളിവെടുക്കുന്നത്, അങ്ങനെയുള്ള ഏതെങ്കിലും ഹിയറിംഗ് എന്നർത്ഥമാകുന്നു;

(8) "സർട്ടിഫൈ ചെയ്ത പകർപ്പ്" എന്നാൽ ബാങ്കിലെ ബുക്കുകളിലെ ഏതെങ്കിലും ഉൾക്കുറിപ്പിന്റെ ഒരു പകർപ്പ്, ആ പകർപ്പിന്റെ ചുവട്ടിൽ, അത് ആ ഉൾക്കുറിപ്പിന്റെ ശരിപ്പകർപ്പാണെന്നും, ആ ഉൾക്കുറിപ്പ് ബാങ്കിലെ സാധാരണ ബുക്കുകളിൽ ഒന്നിൽ അടങ്ങിയതും പതിവായതും സാധാരണവുമായ ബിസിനസ്സു മുറിയിൽ ചേർത്തിട്ടുള്ളതും ആണെന്നും, ആ ബുക്ക് ബാങ്കിന്റെ കസ്റ്റഡിയിൽത്തന്നെയാണെന്നും എഴുതിയിട്ടുള്ളതും, തീയതിവച്ച് ബാങ്കിലെ മുഖ്യ അക്കൗണ്ടന്റോ മാനേജരോ, അയാളുടെ പേരും ഔദ്യോഗികപ്പേരും വച്ച് ഒപ്പിട്ടിട്ടുള്ളതുമായ ഒരു സർട്ടിഫിക്കറ്റുസഹിതമുള്ളത്, എന്നർത്ഥമാകുന്നു.

3. ആക്റ്റിലെ വ്യവസ്ഥകൾ വ്യാപിപ്പിക്കുവാനുള്ള അധികാരം.— സ്റ്റേറ്റ് ഗവൺമെന്റിനും, അതിന്റെ ഭരണത്തിൻകീഴിലുള്ള രാജ്യക്ഷേത്രങ്ങളിൽ ബാങ്കർമാരുടെ ബിസിനസ്സ് നടത്തിക്കൊണ്ടുപോവുകയും മൂന്നിൽ കുറയാത്ത ഒരു സെറ്റ് സാധാരണ അക്കൗണ്ടു ബുക്കുകൾ, അതായത് ഒരു ക്യാഷ്ബുക്ക്, നാൾവഴി അല്ലെങ്കിൽ ജേർണൽ, പേരേട് എന്നിവ വച്ചുപോരുകയും ചെയ്യുന്ന ഏതെങ്കിലും പങ്കാളിത്തത്തിനോ വ്യക്തിക്കോ ഈ ആക്റ്റിലെ വ്യവസ്ഥകൾ അപ്പോഴപ്പോൾ ഔദ്യോഗിക ഗസറ്റിൽ വിജ്ഞാപനംവഴി വ്യാപിപ്പിക്കാവുന്നതും അങ്ങനെയുള്ള ഏതെങ്കിലും നോട്ടിഫിക്കേഷൻ അതേരീതിയിൽ റദ്ദാക്കാവുന്നതും ആണ്.

4. ബാങ്കർമാരുടെ ബുക്കുകളിലെ ഉൾക്കുറിപ്പുകൾ തെളിയിക്കുന്ന സമ്പ്രദായം.— ഈ ആക്റ്റിലെ വ്യവസ്ഥകൾക്കു വിധേയമായി, ഒരു ബാങ്കറുടെ ബുക്കിലെ ഏതെങ്കിലും ഉൾക്കുറിപ്പിന്റെ സർട്ടിഫൈ ചെയ്ത ഒരു പകർപ്പ്, എല്ലാ നിയമനടപടികളിലും, അങ്ങനെയുള്ള ഉൾക്കുറിപ്പുണ്ടെന്നുള്ളതിന് പ്രഥമദൃഷ്ട്യാ തെളിവായി സ്വീകരിക്കപ്പെടുന്നതും, അസൽ ഉൾക്കുറിപ്പ് ഇപ്പോൾ നിയമപ്രകാരം തെളിവിൽ സ്വീകാര്യമായിടത്തും, സ്വീകാര്യമായിടത്തോളവും ഓരോ സംഗതിയിലും, എന്നാൽ അതിൽ അധികമോ മറ്റു പ്രകാരത്തിലോ അല്ലാതേയും, അതിൽ രേഖപ്പെടുത്തിയിട്ടുള്ള വിഷയങ്ങളേയും, ഇടപാടുകളേയും അക്കൗണ്ടുകളേയും കുറിച്ചുള്ള തെളിവായി തെളിവിൽ സ്വീകരിക്കപ്പെടുന്നതും ആകുന്നു.

5. <u>ബുക്കുകൾ ഹാജരാക്കുവാൻ ബാങ്കിലെ ഉദ്യോഗസ്ഥനെ നിർബന്ധിക്കാവുന്നതല്ലാത്ത സംഗതി</u>.—ഒരു ബാങ്കിലെ യാതൊരു ഉദ്യോഗസ്ഥനും, ബാങ്ക് കക്ഷി അല്ലാത്ത ഏതെങ്കിലും നിയമനടപടിയിൽ, ഉള്ളടക്കം ഈ ആക്റ്റിൻകീഴിൽ തെളിയിക്കപ്പെടാവുന്ന, ഏതെങ്കിലും ബാങ്കറുടെ ബുക്ക് ഹാജരാക്കുവാനോ അതിൽ രേഖപ്പെടുത്തിയിട്ടുള്ള വിഷയങ്ങളോ ഇടപാടുകളോ അക്കൗണ്ടുകളോ തെളിയിക്കുവാൻ ഒരു സാക്ഷിയായി ഹാജരാകുവാനോ, പ്രത്യേക കാരണത്താൽ കോടതിയോ ജഡ്ജിയോ പാസ്സാക്കിയ ഉത്തരവിനാലല്ലാതെ നിർബന്ധിക്കപ്പെടാവുന്നതല്ല.

6. <u>കോടതിയുടേയോ ജഡ്ജിയുടേയോ ഉത്തരവുപ്രകാരം ബുക്കുകൾ പരിശോധിക്കുന്നത്</u>.—(1) ഒരു നിയമനടപടിയിലെ ഏതെങ്കിലും കക്ഷിയുടെ അപേക്ഷയിൻമേൽ, കോടതിക്കോ, ജഡ്ജിക്കോ, ആ നടപടിയുടെ ഏതെങ്കിലും ആവശ്യങ്ങൾക്കു വേണ്ടി ആ കക്ഷിക്ക് ഒരു ബാങ്കറുടെ ബുക്കിലെ ഉൾക്കുറിപ്പുകൾ പരിശോധിക്കുവാനും അവയുടെ പകർപ്പുകൾ എടുക്കുവാനും സ്വാതന്ത്ര്യം ഉണ്ടായിരിക്കുമെന്ന് ഉത്തരവിടുകയോ, അല്ലെങ്കിൽ ഉത്തരവിൽ വിനിർദ്ദേശിച്ച സമയത്തിനുള്ളിൽ അങ്ങനെയുള്ള എല്ലാ ഉൾക്കുറിപ്പുകളുടേയും, സർട്ടിഫൈ ചെയ്ത പകർപ്പുകൾ, ആ നടപടിയിൽ വിവാദവിഷയങ്ങൾക്ക് പ്രസക്തമായ മററു യാതൊരു ഉൾക്കുറിപ്പുകളും ബാങ്കിലെ ബുക്കുകളിൽ കാണപ്പെടുന്നില്ലെന്നുള്ള ഒരു കൂടുതൽ സർട്ടിഫിക്കറേറാടുകൂടി, തയാറാക്കുവാനും ഹാജരാക്കുവാനും ബാങ്കിനോട് ഉത്തരവിടുകയോ ചെയ്യാവുന്നതും, അങ്ങനെയുള്ള കൂടുതൽ സർട്ടിഫിക്കററ് സർട്ടിഫൈ ചെയ്ത പകർപ്പുകളെ സംബന്ധിച്ച് ഇതിനുമുമ്പു നിർദ്ദേശിച്ച രീതിയിൽ തീയതിവച്ച് ഒപ്പിടേണ്ടതും ആകുന്നു.

(2) ഈ വകുപ്പിൻേറയോ മുമ്പിലത്തെ വകുപ്പിൻേറയോ കീഴിലുള്ള ഒരു ഉത്തരവ്, ബാങ്കിനെ സമൺചെയ്തോ സമൺ ചെയ്യാതേയോ പാസ്സാക്കാവുന്നതും, അത് കോടതിയോ ജഡ്ജിയോ മററു പ്രകാരത്തിൽ നിർദ്ദേശിക്കാത്തപക്ഷം, അത് അനുസരിക്കേണ്ടതിൻെറ മൂന്നു പൂർണ്ണദിവസം മുമ്പ് (ബാങ്ക് അവധി ദിവസങ്ങൾ ഒഴിച്ചുനിറുത്തി) ബാങ്കിൻെറമേൽ നടത്തേണ്ടതും ആകുന്നു.

(3) ബാങ്കിന് മുൻപറഞ്ഞ വിധമുള്ള ഏതെങ്കിലും ഉത്തരവ് അനുസരിക്കുന്നതിന് ക്ലിപ്തപ്പെടുത്തിയിട്ടുള്ള സമയത്തിനുമുമ്പ് ഏതെങ്കിലും സമയത്ത്, അവരുടെ ബുക്കുകൾ വിചാരണസമയത്ത് ഹാജരാക്കാമെന്ന് ആഫർ ചെയ്യുകയോ, അല്ലെങ്കിൽ ആ ഉത്തരവിനെതിരായി കാരണം കാണിക്കുവാനുള്ള അവരുടെ ഉദ്ദേശ്യത്തെക്കുറിച്ച് നോട്ടീസ് നല്കുകയോ ചെയ്യാവുന്നതും അപ്പോൾ കൂടുതൽ ഉത്തരവുകൂടാതെ അത് പ്രാവർത്തികമാക്കുവാൻ പാടില്ലാത്തതും ആണ്.

7. <u>കോടതിച്ചെലവ്</u>.—(1) ഈ ആക്റ്റിൻകീഴിലോ ഈ ആക്റ്റിൻെറ ആവശ്യങ്ങൾക്കുവേണ്ടിയോ, കോടതിയിലോ ജഡ്ജി മുൻപാകെയോ ബോധിപ്പിച്ച ഏതെങ്കിലും അപേക്ഷയുടെ ചെലവും, ഈ ആക്റ്റിൻകീഴിലോ ഈ ആക്റ്റിൻെറ ആവശ്യങ്ങൾക്കുവേണ്ടിയോ, കോടതിയോ ജഡ്ജിയോ പാസ്സാക്കിയ ഒരു ഉത്തരവിൻകീഴിൽ ചെയ്തതോ ചെയ്യേണ്ടതോ ആയ എന്തിൻേറയെങ്കിലും ചെലവും, കോടതിയുടേയോ ജഡ്ജിയുടേയോ വിവേചനാധികാരത്തിലായിരിക്കുന്നതും, അത് ബാങ്കിൻെറ ഭാഗത്തുനിന്നുള്ള എന്തെങ്കിലും വീഴ്ചയുടേയോ, ശരിയല്ലാത്ത കാലതാമസത്തിൻേറയോ അനന്തരഫലമായാണ് നേരിട്ടിട്ടു

ഉള്ളതെങ്കിൽ. അങ്ങനെയുള്ള ചെലവോ അതിന്റെ ഏതെങ്കിലും ഭാഗമോ ഏതെങ്കിലും കക്ഷിക്ക് ബാങ്ക് കൊടുക്കേണ്ടതാണെന്ന് കോടതിയ്ക്കോ ജഡ്ജിയ്ക്കോ കൂടുതലായി ഉത്തരവിടാവുന്നതും ആണ്.

(2) ഒരു ബാങ്കിനോ ബാങ്കോ ചെലവ് കൊടുക്കുന്നതിന് ഈ വകുപ്പിൻകീഴിൽ പാസ്സാക്കപ്പെട്ട ഏതെങ്കിലും ഉത്തരവ്, ആ നടപടിയിൽ ബാങ്ക് ഒരു കക്ഷിയായിരുന്നാലെന്നപോലെ, പ്രാവർത്തികമാക്കാവുന്നതാണ്.

(3) ഈ വകുപ്പിൻകീഴിൽ ചെലവു കൊടുക്കാൻ വിധിക്കുന്ന ഏതെങ്കിലും ഉത്തരവ്, ആ ഉത്തരവിൽ നാമനിർദ്ദേശം ചെയ്തിട്ടുള്ള ഏതെങ്കിലും സിവിൽക്കോടതിയിൽ കൊടുക്കുന്ന അപേക്ഷയിൻമേൽ, ആ ഉത്തരവ് ആ കോടതിതന്നെ പാസ്സാക്കിയ പണത്തിനുള്ള ഒരു വിധിയായിരുന്നാലെന്നപോലെ, ആ കോടതിക്ക് നടത്താവുന്നതാകുന്നു:

എന്നാൽ, ഈ ഉപവകുപ്പിലെ യാതൊന്നും കോടതിച്ചെലവ് കൊടുക്കുന്നത് സംബന്ധിച്ച് കോടതിയുടേയോ ജഡ്ജിയുടേയോ നിദേശം പ്രാവർത്തികമാക്കുന്നതിന് ആ ഉത്തരവ് പാസ്സാക്കുന്ന കോടതിക്കോ, ജഡ്ജിക്കോ ഉണ്ടാകാവുന്ന ഏതെങ്കിലും അധികാരത്തിന് ന്യൂനത വരുത്തുന്നതായി അർത്ഥം കല്പിക്കാവുന്നതല്ല.

---